## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1221** **06.03.2018 ൽ മറുപടിയ്ക്ക്**

## സമഗ്ര കാർഷികനയം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് സമഗ്ര കാർഷികനയം കൊണ്ടു വരുന്നതിന് പദ്ധതിയുണ്ടോ; | എ) & ബി) & സി) | ജൈവകൃഷിക്ക് പ്രാധാന്യം നൽകികൊണ്ട് സംസ്ഥാനത്തിനായി ഒരു ജൈവ കാർഷിക നയം രൂപീകരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കാർഷിക മേഖലയിലെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ചും കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അനന്യ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും കർഷകനെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിനും കാർഷിക മേഖലയുടെ വികസനവും അഭിവൃദ്ധിയും ഉറപ്പുവരുത്തുന്നതിനും സഹായകരമായ കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. കർഷകരുടെയും പൊതുജനങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന കാര്യങ്ങളും നയത്തിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നുണ്ട്. ജൈവകാർഷിക രംഗത്ത് ദേശീയതലത്തിലും അന്താരാഷ്ട്ര തലത്തിലും ഉണ്ടായിട്ടുള്ള നൂതന മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ ജൈവകാർഷിക നയം രൂപീകരിച്ച് നടപ്പിലാക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും എപ്പോൾ പ്രഖ്യാപനം നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | | |
| സി) കാർഷിക മേഖലയുടെയും കർഷകരുടെയും ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് കാർഷിക നയത്തിൽ ഉൾപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**